# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 01.01.2026**

### പ്രധാനവാർത്തകൾ

1. ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ച തുടരുന്നതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിപ്പോർട്ട്.
2. വന്ദേഭാരത് സ്ലീപ്പർ എക്സ്പ്രസ് ട്രെയിനിന്റെ അവസാനഘട്ട അതിവേഗ പരീക്ഷണം വിജയകരമായി പൂർത്തിയായി.
3. ജീവിത ശൈലി രോഗങ്ങൾക്കെതിരെ ജനപങ്കാളിത്തത്തോടെയുള്ള ബൃഹത്തായ ഇടപെടലാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യം ആനന്ദം - വൈബ് ഫോർ വെൽനസ്സ് ജനകീയ ക്യാമ്പയിന് സംസ്ഥാനത്ത് തുടക്കമായി.
4. നവകേരളം സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാമിനും സംസ്ഥാനത്ത് ഇന്ന് തുടക്കം.
5. വർക്കല ശിവഗിരി തീർത്ഥാടനം ഇന്ന് സമാപിക്കും; മന്നം ജയന്തി ആഘോഷങ്ങൾക്ക് പെരുന്നയിൽ തുടക്കം.

RNU TVPM

6. **ദേശീയ ജൂനിയർ ഖോ ഖോ ചാമ്പ്യൻഷിപ്പ് ബംഗളൂരുവിൽ പുരോഗമിക്കുന്നു.**

❋❋❋❋❋❋❋❋❋❋❋❋❋

**<u>ആർ.ബി.ഐ റിപ്പോർട്ട്</u>**

ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യൻ സമ്പദ്വ്യവസ്ഥ ശക്തമായ വളർച്ച തുടരുന്നതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിപ്പോർട്ട്. ആഭ്യന്തരവിപണിയിലെ ആവശ്യകത വർധിച്ചതും മിതമായ തോതിലുള്ള പണപ്പെരുപ്പവുമാണ് വളർച്ചയെ ശക്തിപ്പെടുത്തുന്നത്. കേന്ദ്രത്തിന്റെ സൂക്ഷ്മ സാമ്പത്തിക നയങ്ങളും ഇതിന് സഹായകമാണ്. അനുകൂലമായ സാമ്പത്തിക സാഹചര്യവും സാമ്പത്തിക വിപണികളിലെ കുറഞ്ഞ ചാഞ്ചാട്ടം ആഭ്യന്തര സാമ്പത്തിക സംവിധാനത്തിന് സ്ഥിരത നൽകുന്നു. അതേ സമയം, ആഗോളരാഷ്ട്രീയ സംഭവവികാസങ്ങളും വ്യാപാര സംബന്ധിയായ അനിശ്ചിതത്വും വെല്ലുവിളി ഉയർത്തുന്നതായും ആർ.ബി.ഐ റിപ്പോർട്ടിൽ പറയുന്നു.

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

**<u>വന്ദേ ഭാരത് സ്ലീപ്പർ</u>**

വന്ദേഭാരത് സ്ലീപ്പർ എക്സ്പ്രസ് ട്രെയിനിന്റെ അവസാനഘട്ട അതിവേഗ പരീക്ഷണം വിജയകരമായി പൂർത്തിയായി. റെയിൽവേ സുരക്ഷാ കമീഷണറുടെ മേൽനോട്ടത്തിൽ രാജസ്ഥാനിലെ കോട്ട-നാഗ്ദ സെക്ഷനിൽ നടന്ന പരീക്ഷണത്തിൽ ട്രെയിൻ മണിക്കൂറിൽ 180 കിലോമീറ്റർ വരെ വേഗത്തിൽ കുതിച്ചു. സുരക്ഷാ പരീക്ഷണത്തിന്റെ വിഡിയോ സമൂഹമാധ്യമമായ എക്സിൽ റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പങ്കുവെച്ചു.

## വെൽനസ്സ് കേരള

ജീവിത ശൈലി രോഗങ്ങൾക്കെതിരെ ജനപങ്കാളിത്തത്തോടെയുള്ള ബൃഹത്തായ ഇടപെടലാണ് ജനകീയ ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യം ആനന്ദം - വൈബ് ഫോർ വെൽനസ്സ് എന്ന പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടാണ് കാമ്പയിൻ. നല്ല ഭക്ഷണശീലം, വ്യായാമം, ഉറക്കം, വിശ്രമം, മാനസിക സുസ്ഥിതി എന്നിവയെക്കുറിച്ച് ഇതിലൂടെ സമൂഹത്തിൽ അവബോധം സൃഷ്ടിക്കും.

## നവകേരള സർവെ (ഇൻട്രോ)

സംസ്ഥാന സർക്കാരിന്റെ 'വികസന ക്ഷേമ പഠന പരിപാടിയായ നവകേരളം സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാമിന് ഇന്ന് തുടക്കം. വികസിത രാജ്യങ്ങളിലെ മധ്യവരുമാന വിഭാഗങ്ങളുടെ ജീവിതനിലവാരത്തിലേക്ക് കേരള ജനതയെ ഉയർത്തുന്ന നവകേരള രൂപീകരണത്തിൻറെ ഭാഗമായാണ് ഇത് ആരംഭിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്....**

(വോയിസ്)

PNU TVPM

## ശബരിമല

സംസ്ഥാന ബാലാവകാശ കമ്മീഷൻ ശബരിമല സന്ദർശിച്ചു. ശബരിമലയിലെത്തുന്ന കുട്ടികളുടെ ക്ഷേമം ഉറപ്പാക്കാൻ വിവിധ വകുപ്പുകൾ സ്വീകരിക്കുന്ന നടപടികൾ അറിയാനാണ് കമ്മീഷൻ ചെയർപേഴ്സൺ കെ വി മനോജ് കുമാർ, അംഗങ്ങളായ ബി മോഹൻകുമാർ, കെ കെ ഷാജു എന്നിവർ സന്നിധാനം സന്ദർശിച്ചത്. എ ഡി ജി പി , എസ്. ശ്രീജിത്ത് ദേവസ്വം ബോർഡ് അംഗങ്ങൾ എന്നിവരുമായി കമ്മീഷൻ കൂടിക്കാഴ്ച നടത്തി. അതിനിടെ പുതുവൽസര ദിനമായ ഇന്ന് സന്നിധാനത്ത് വലിയ ഭക്തജനത്തിരക്കാണ് അനുഭവപ്പെട്ടത്.

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

സഹകരണ ബാങ്കുകളിലെ വായ്പാകുടിശ്ശിക നിവാരണത്തിനായുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു. ഇന്നു മുതൽ ഫെബ്രുവരി 28 വരെയാണ് ഈ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നതെന്ന് മന്ത്രി വി എൻ വാസവൻ അറിയിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കുമാണ് നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2026 ബാധകം.

## ശിവഗിരി തീർത്ഥാടനം (ഇൻട്രോ)

വർക്കല ശിവഗിരി തീർത്ഥാടനം ഇന്ന് സമാപിക്കും. രാവിലെ ശിവഗിരി ശാരദാമഠത്തിൽ നിന്ന് 108 പുഷ്പ കലശങ്ങളുമായുള്ള പ്രയാണവും , മഹാസമാധി പീഠത്തിൽ പൂജയും നടന്നു . ശ്രീനാരായണ പ്രസ്ഥാന സംഗമം പശ്ചിമ

RNU TVPM

ബംഗാൾ ഗവർണർ C.V ആനന്ദബോസ് ഉദ്ഘാടനം ചെയ്തു .സമൂഹത്തിന് ശുദ്ധ സാത്വക സംസ്കാരത്തിൽ ശാന്തജീവിതം വിതച്ചു എന്നതാണ് ഗുരുദേവൻ ലോകത്തിനു നൽകിയ സംഭവനയെന്ന് അദ്ദേഹം പറഞ്ഞു.

(വോയിസ് ബൈറ്റ് )

❁❁❁❁❁❁❁❁❁❁❁❁❁

## മന്നം ജയന്തി

മന്നം ജയന്തി ആഘോഷങ്ങൾക്ക് പെരുന്നയിൽ തുടക്കം. രാവിലെ 7 ന് മന്നം സമാധിയിൽ എൻ.എസ്.എസ് നേതാക്കൾ പുഷ്പാർച്ചന നടത്തി. വിദ്യാഭ്യാസ സമുച്ചയ മൈതാനിയിൽ ഒരുക്കിയ മന്നം നഗറിലാണ് ഇന്നും നാളെയുമായി ജയന്തി ആഘോഷ ചടങ്ങുകൾ.

❁❁❁❁❁❁❁❁❁❁❁❁❁

## രജിസ്ട്രേഷൻ ദിനം

സംസ്ഥാനത്ത് ഈ വർഷം മുതൽ ജനുവരി 4 രജിസ്ട്രേഷൻ ദിനമായി ആചരിക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ അഞ്ചരക്കണ്ടിയിൽ ഞായറാഴ്ച രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്നും അദ്ദേഹം കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സംസ്ഥാനത്ത് ഏറ്റവും പഴക്കവും പാരമ്പര്യമുള്ള ഒരു വകുപ്പാണ് രജിസ്ട്രേഷൻ വകുപ്പ്. 1865 ൽ ആരംഭിച്ച ഈ സംവിധാന പ്രകാരം ആദ്യ രജിസ്ട്രേഷൻ നടന്നത് 1867 ജനുവരി 4 നാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## ഖോ ഖോ ചാമ്പ്യൻഷിപ്പ്

ദേശീയ ജൂനിയർ ഖോ ഖോ ചാമ്പ്യൻഷിപ്പിന് ബെംഗളൂരുവിൽ തുടക്കമായി. രാജ്യത്തുടനീളമുള്ള ആയിരത്തോളം കായികതാരങ്ങൾ പങ്കെടുക്കുന്ന ടൂർണമെന്റ് ലീഗ്-കം-നോക്കൗട്ട് ഫോർമാറ്റിലാണ് നടക്കുന്നത്. ദേശീയ സീനിയർ ഖോ ഖോ ചാമ്പ്യൻഷിപ്പ് ഈ മാസം 11 മുതൽ 15 വരെ തെലങ്കാനയിലും ദേശീയ സബ് ജൂനിയർ ചാമ്പ്യൻഷിപ്പ് 31 മുതൽ ഫെബ്രുവരി 4

വരെ ഹരിയാനയിലും അരങ്ങേറും.

❁❁❁❁❁❁❁❁❁❁❁❁❁

## ഇടുക്കി - ക്രിസ്ലുമസ് (ഇൻട്രോ)

ക്രിസ്ലുമസ്-പുതുവത്സര ആഘോഷങ്ങൾക്കായി ഇടുക്കിയിലേക്ക് ഒഴുകിയെത്തിയത് പതിനായിരക്കണക്കിന് സഞ്ചാരികൾ. സുരക്ഷയും അടിസ്ഥാന സൗകര്യങ്ങളുമടക്കം വിപുലമായ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിരുന്നു.

വിശദാംശങ്ങളുമായി ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി **രതീഷ് കൃഷ്ണ.....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## ഇടുക്കി - അപകടം

ഇടുക്കി കരിങ്കുന്നത്തിന് സമീപം ബസ് അപകടം. ശബരിമല തീർത്ഥാടകർ സഞ്ചരിച്ച ബസ് മറിഞ്ഞ് 12 പേർക്ക് പരിക്ക്. മൂന്ന് പേർക്ക് ഗുരുതര പരിക്ക്. പരിക്കേറ്റവരെ തൊടുപുഴയിലെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

RNU TVPM

തൃശൂർ സ്വദേശികൾ സഞ്ചരിച്ച ബസാണ് നിയന്ത്രണം വിട്ട് മറിഞ്ഞത്.

☸☸☸☸☸☸☸☸☸☸☸☸☸

## കാട്ടാന ആക്രമണം

കാട്ടാനയുടെ ആക്രമണത്തിൽ ഗോത്ര യുവാവിന് പരിക്ക്. ബത്തേരി നൂൽപുഴ കുമഴി വനഗ്രാമത്തിലെ ചുക്കാലിക്കുനി കാട്ടുനായ്ക്ക ഉന്നതിയിലെ മണിക്കാണ് പരിക്കേറ്റത്. ഇന്നലെ രാത്രി 9.30 ഓടെയാണ് ആക്രമണം ഉണ്ടായത്. കാച്ചിൽ കൃഷിക്ക് കാവൽ നിൽക്കുമ്പോഴാണ് ആക്രമണമുണ്ടായത്. സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച മണിയെ പിന്നീട് മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## പ്രാദേശിക വാർത്താ വിഭാഗം -ചർച്ചകൾ

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ ഇന്ന് മുതൽ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ഇന്ന് ഉച്ചയ്ക്ക് 1.45 ന് ആത്മനിർഭർ ഭാരത് എന്ന വിഷയത്തിൽ പ്രശസ്ത സാമ്പത്തിക വിദഗ്ധ മേരി ജോർജുമായുള്ള സംഭാഷണം കേൾക്കാവുന്നതാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## ഡി.ആർ.ഡി.ഒ ദിനം

ഇന്ന് ഡി.ആർ.ഡി.ഒ സ്ഥാപകദിനം. രാജ്യത്തിന്റെ പ്രതിരോധ മേഖലയെ ശക്തിപ്പെടുത്തുന്നതിൽ ഡി.ആർ.ഡി.ഒ നിർണായക പങ്ക് വഹിക്കുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ആംശസാ സന്ദേശത്തിൽ അറിയിച്ചു. ഡി.ആർ.ഡി.ഒ യുടെ വളർച്ചയിൽ നിർണായക പങ്ക് വഹിച്ചിട്ടുള്ള ശാസ്ത്രജ്ഞനായിരുന്നു മുൻ രാഷ്ട്രപതി ഡോ എ.പി.ജെ അബ്ദുൽകലാം.

☸☸☸☸☸☸☸☸☸☸☸☸☸

## പൈതൃകോത്സവം- കണ്ണൂർ

സംസ്ഥാന പുരാവസ്തു -പുരാരേഖ- മ്യൂസിയം വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കണ്ണൂർ പൈതൃകകോത്സവത്തിന് ഇന്ന് തുടക്കമാകും. കണ്ണൂരിന്റെ ചരിത്രപരമായ പ്രാധാന്യവും സാംസ്കാരിക തനിമയും ലോകത്തിനുമുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പൈതൃകോത്സവം സംഘടിപ്പിക്കുന്നത്. കണ്ണൂർ നഗരത്തിലും മുണ്ടേരി അറയ്ക്കൽ ബർണശ്ശേരി എന്നിവിടങ്ങളിലുമായാണ് പരിപാടികൾ ഒരുക്കുക.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## സിറ്റി പോലീസ് കമ്മീഷണർ-കണ്ണൂർ

പുതുവത്സര ആഘോഷങ്ങൾക്കിടയിൽ ജനങ്ങളുടെ സുരക്ഷയ്ക്കായി വിശ്രമമില്ലാതെ ജോലി ചെയ്യുന്ന സഹപ്രവർത്തകരെ സന്ദർശിച്ച് കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ. പോലീസുകാർക്ക് അദ്ദേഹം പുതുവത്സരാശംസകൾ നേരുകയും കേക്കുകൾ സമ്മാനിക്കുകയും ചെയ്തു. കണ്ണൂർ, മുഴപ്പിലങ്ങാട്, തലശ്ശേരി, ന്യൂ

മാഹി എന്നീ ഭാഗങ്ങളിലെ പോലീസ് സ്റ്റേഷനുകളിലും പിക്കറ്റ് പോസ്റ്റുകളിലുമാണ് കമ്മീഷണർ സന്ദർശനം നടത്തിയത്.

☸☸☸☸☸☸☸☸☸☸☸☸☸

## SPREE 2025

തൊഴിലാളികൾക്കും തൊഴിലുടമകൾക്കും വേണ്ടിയുള്ള സ്പ്രീ പദ്ധതിയുടെ കാലാവധി ഈ മാസം 31 വരെ നീട്ടി. 2025 ജൂലൈ 1 ന് ആരംഭിച്ച പദ്ധതി ഇന്നലെ അവസാനിച്ച സാഹചര്യത്തിലാണ് ESI കോർപ്പറേഷൻ കാലാവധി നീട്ടിയത്. രജിസ്റ്റർ ചെയ്യാത്ത തൊഴിലുടമകൾക്കും ജീവനക്കാർക്കും, പരിശോധനകളോ മുൻകാല കുടിശ്ശികകളോ, രേഖകളോ കൂടാതെ, ESI യിൽ അംഗമാകാനുള്ള അവസരമാണ് ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM